**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1301** **19-09-2025 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന്റെ അധീനതയിലുള്ള നെടുങ്ങോലം എം.എൽ.എ. ജംഗ്ഷൻ - പൂതക്കുളം പഞ്ചായത്ത് ഓഫീസ്, നെടുങ്ങോലം പുന്നമുക്ക് - അമ്മാരത്ത്മുക്ക്, മീനാട് പാലമുക്ക് - കാപ്പക്സ് ജംഗ്ഷൻ എന്നീ റോഡുകളുടെ പുനരുദ്ധാരണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ബഡ്ജറ്റ് വർക്ക് 2016-17 – നെടുങ്ങോലം -ഭൂതക്കുളം റോഡ്, നെടുങ്ങോലം പാലം - ചിറക്കര റോഡ് ചെയിനേജ് 5/900 കി.മി നവീകരിക്കൽ എന്ന പ്രവൃത്തി നിസ്സാമുദ്ദീൻ.എ, തോപ്പിൽ കൺസ്ട്രക്ഷൻസ്, തൊളിക്കുഴി അടയമൺ -പി.ഒ, കിളിമാനൂർ എന്ന കരാറുകാരൻ 19.08.2017-ൽ കരാർ വെയ്ക്കുകയും 29.08.2017- ൽ പ്രവൃത്തിസ്ഥലം പ്രവൃത്തി നിർവ്വഹണത്തിനായി കൈമാറ്റം ചെയ്യുകയും ചെയ്തിട്ടുള്ളതുമാണ്. ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 28.05.2018 വരെ ആയിരുന്നു. ടി സമയ പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരുന്നതിനെ തുടർന്ന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നെങ്കിലും ബി.എം പ്രവൃത്തി മാത്രമേ കരാറുകാരൻ പൂർത്തീകരിച്ചിട്ടുള്ളൂ. 06.03.2021-ന് ബി.എം പ്രവൃത്തികൾ പൂർത്തിയാക്കിയതിന് ശേഷം ഒരു പ്രവൃത്തിയും കരാറുകാരൻ നിർവ്വഹിച്ചിട്ടില്ല. ആയതിനാൽ 16.08.2022 -ൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ കരാറുകാരന്റെ അഭ്യർത്ഥനയെ തുടർന്ന് ടെർമിനേഷൻ ഉത്തരവ് റദ്ദാക്കി 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണമെന്ന നിബന്ധനയോടെ 22/06/2024-ൽ കരാർ റിവോക്ക് ചെയ്തിട്ടുള്ളതാണ്. എന്നാൽ കരാറുകാരൻ പ്രസ്തുത കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നിരവധി നോട്ടീസുകൾ നൽകിയെങ്കിലും യാതൊരു നടപടിയും കരാറുകാരൻ സ്വീകരിച്ചിട്ടില്ല. ആയതിനാൽ 01/07/2025-ൽ ഫൈനൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരനെ നഷ്ടോത്തരവാദത്തിൽ ടെർമിനേറ്റ് ചെയ്ത് വർക്ക് |

| | | | |
|---|---|---|---|
| | | | പുന:ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചുവരുന്നു.<br><br>"മീനങ്ങാട് കല്ലുവാതുക്കൽ റോഡ് (ചെയിനേജ് 0/000 - 4/200, 0/400) ചാത്തന്നൂർ- കുമ്മല്ലൂർ റോഡ് 0/500, ചാത്തന്നൂർ - ചിറക്കര റോഡ് ചെയിനേജ് 1/800 കി.മി, നവീകരിക്കൽ" എന്ന പ്രവൃത്തിയും തോപ്പിൽ കൺസ്ട്രക്ഷൻസ്, തൊളിക്കുഴി അടയമൺ-പി.ഒ, കിളിമാനൂർ എന്ന കരാറുകാരൻ പാതി വഴിയിൽ ഉപേക്ഷിച്ചിട്ടുള്ളതാണ്. തുടർന്ന് 09.07.2025ൽ കരാറുകാരനെ നഷ്ടോത്തരവാദത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ബാലൻസ് പ്രവൃത്തി ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റോഡുകൾ പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി സ്വീകരിക്കുവാനുള്ളതെന്നും റോഡുകളുടെ പുനരുദ്ധാരണം എന്നത്തേക്ക് സാധ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ